# പതിനാലാം കേരള നിയമസഭ
# പത്തൊൻപതാം സമ്മേളനം

## എഫ്.എൽ-3 ബാർ ലൈസൻസുകൾ അനുവദിച്ച നടപടി

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 934** **04.03.2020-ൽ മറുപടിയ്ക്ക്**

**ചോദ്യം**

**ശ്രീ.സണ്ണി ജോസഫ്**

**ഉത്തരം**

**ശ്രീ.ടി.പി.രാമകൃഷ്ണൻ**
**തൊഴിലും എക്സൈസും വകുപ്പുമന്ത്രി**

| ചോദ്യം | ഉത്തരം |
|---|---|
| **എ)** ഈ സർക്കാർ നിലവിൽ വന്നശേഷം പുതുതായി എഫ്.എൽ-3 ബാർ ലൈസൻസുകൾ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് അറിയിക്കാമോ; | **എ)** ഈ സർക്കാർ നിലവിൽ വന്ന ശേഷം പുതുതായി 170 എഫ്.എൽ.3 ബാർ ലൈസൻസുകൾ നൽകിയിട്ടുണ്ട്. |
| **ബി)** മുൻ സർക്കാരിന്റെ കാലത്ത് പൂട്ടിക്കിടന്ന എത്ര ബാറുകൾക്ക് 2016 മേയ് മാസത്തിന് ശേഷം എഫ്.എൽ-3 ലൈസൻസ് അനുവദിച്ചുവെന്ന് വെളിപ്പെടുത്തുമോ; | **ബി)** മുൻ സർക്കാരിന്റെ കാലത്ത് പൂട്ടികിടന്ന 404 ബാറുകൾക്ക് 2016 മേയ് മാസത്തിനുശേഷം എഫ്.എൽ.3 ലൈസൻസുകൾ അനുവദിച്ചിട്ടുണ്ട്. |
| **സി)** മുൻ സർക്കാരിന്റെ കാലത്ത് ബാറുകൾ അടച്ച് പൂട്ടിയത് ടൂറിസം, ഐ.റ്റി. മേഖലകളിലെ തൊഴിലവസരങ്ങളെ ദോഷകരമായി ബാധിച്ചുവെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അതിന് ആധാരമായ വസ്തുതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | **സി)** മുൻ സർക്കാരിന്റെ കാലത്ത് ബാറുകൾ അടച്ചുപൂട്ടിയത് ടൂറിസം മേഖലകളിലെ തൊഴിലവസരങ്ങളെ ബാധിച്ചിട്ടുണ്ടെന്ന് ടൂറിസം വകുപ്പ് നടത്തിയ പഠനത്തിലൂടെ വ്യക്തമാകുന്നുണ്ട്. മുൻ സർക്കാർ നടപ്പാക്കിയ അബ്കാരി നയം ടൂറിസം മേഖലയിൽ അതിഗുരുതരമായ പ്രതിസന്ധി സൃഷ്ടിച്ചിട്ടുള്ളതായി പ്രസ്തുത വകുപ്പ് നടത്തിയ പഠനരേഖകൾ വ്യക്തമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് MISE-ന് (meeting, Incentives, conferences, Conventions, Exhibitions and Events)-ന് തടസ്സമായി നിൽക്കുന്നത് ടി അബ്കാരി നയമാണെന്നും പ്രസ്തുത നയത്തിലെ മാറ്റം വിനോദ സഞ്ചാരമേഖലയുടെ പുരോഗതിയ്ക്ക് അനിവാര്യമാണെന്നും കാര്യകാരണ സഹിതം വിനോദസഞ്ചാര വകുപ്പ് സമർത്ഥിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| 'ഡി) | ഈ സർക്കാർ നിലവിൽ വന്നശേഷം കൂടുതൽ എഫ്.എൽ-3 ബാർ ലൈസൻസുകൾ അനുവദിച്ചതിലൂടെ ടൂറിസം, ഐ.റ്റി. മേഖലകളിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ ഉണ്ടായിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ടോ, | ഡി) | ഈ സർക്കാർ നിലവിൽ വന്ന ശേഷം എഫ്.എൽ.3 ബാർ ലൈസൻസുകൾ അനുവദിച്ചതിലൂടെ ടൂറിസം മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടായിട്ടുളളതായി കരുതാവുന്നതാണ്. |
| ഇ) | എങ്കിൽ വരും വർഷത്തെ അബ്കാരി നയത്തിൽ ഇതിന് അനുസൃതമായ കൂടുതൽ മാറ്റങ്ങൾ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | ഇ) | 2020-21 വർഷത്തെ അബ്കാരി നയം നിലവിലുളള നയത്തിൽ നിന്ന് ചെറിയ മാറ്റങ്ങളോടെ 27.02.2020 ജി.ഒ (എം.എസ്) നം.22/2020/നിവ പ്രകാരം പ്രഖ്യാപിച്ചിട്ടുണ്ട്. |

Senthil

**സെക്ഷൻ ഓഫീസർ**